# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2798** **12.03.2018-ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യബന്ധനത്തിനുവേണ്ടി അനുവദിച്ച തുക**

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) 2017-18 സാമ്പത്തിക വർഷത്തിൽ ഉൾനാടൻ മത്സ്യബന്ധനത്തിനുവേണ്ടി എത്ര തുക അനുവദിച്ചിരുന്നു; | എ) | 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ഉൾനാടൻ മത്സ്യ മേഖലാ വികസന പദ്ധതിയ്ക്കായി 4888 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ബി) ഇതിൽ ഇതുവരെ എത്ര തുക ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ? | ബി) | 2017-18 സാമ്പത്തിക വർഷത്തിൽ ഉൾനാടൻ മത്സ്യബന്ധനത്തിനുവേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

**സെക്ഷൻ ആഫീസർ**

# അനുബന്ധം

2017-18 സാമ്പത്തിക വർഷത്തിൽ ഉൾനാടൻ മേഖല വികസന പദ്ധതിയ്ക്കായി 4888 ലക്ഷം രൂപയുടെ ഭരണാനുമതി **നൽകിയിട്ടുണ്ട്.** അതിൽ ഉൾനാടൻ മത്സ്യ സമ്പത്ത് സംരക്ഷണത്തിനും നടത്തിപ്പിനുമായി 350 ലക്ഷം രൂപയുടെ പദ്ധതികളും, മത്സ്യോല്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്നതിനായി 900 ലക്ഷം രൂപയുടെ പദ്ധതികളും, നിലവിലുള്ള ഫാമുകളുടെയും ഹാച്ചറികളുടെയും വികസനങ്ങൾക്കും പ്രവർത്തനങ്ങൾക്കുമായി 800 ലക്ഷം രൂപയുടെ പദ്ധതികളും ജലകൃഷി വികസന പ്രവർത്തനങ്ങൾക്കായി 2838 ലക്ഷം രൂപയുടെ പദ്ധതികളും ഉൾപ്പെടുന്നു. ഇതിൽ ജലകൃഷി വികസന പ്രവർത്തനങ്ങൾ എന്നതിലെ ഉപഘടക പദ്ധതികൾ സംയോജിപ്പിച്ചാണ് ജനകീയ മത്സ്യകൃഷി **രണ്ടാംഘട്ടം** പദ്ധതി നടപ്പിലാക്കി വരുന്നത്. ഭരണാനുമതി നൽകിയ 4888 ലക്ഷം രൂപയിൽ നാളിതുവരെ 3744.19/- ലക്ഷം രൂപ വിവിധ ഘടക പദ്ധതികൾക്കായി **ചെലവഴിച്ചിട്ടുണ്ട്.** ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഘടക പദ്ധതി | ഭരണാനുമതി നൽകിയ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | മത്സ്യ സമ്പത്തിന്റെ സംരക്ഷണം | 350.00 | 350.00 |
| 2 | പുതിയ മത്സ്യ വിത്തുൽപ്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ | 900.00 | 854.70 |
| 3 | നിലവിലുള്ള സർക്കാർ ഫാമുകൾ / ഹാച്ചറികളുടെ പ്രവർത്തന ചെലവ് | 800.00 | 525.49 |
| 4 | ജലകൃഷി വ്യാപന പ്രവർത്തനം | 2838.00 | 2014.00 |
| | ആകെ | 4888.00 | 3744.19 |

**സെക്ഷൻ ആഫീസർ**